**കാശ്മീർ ജനതയുടെ വികാരങ്ങൾ അറിയണമെങ്കിൽ താഴ്‌വരയിൽ നിന്നും പട്ടാളത്തെ പിൻവലിക്കണം. കാശ്മീർ താഴ്‌വരയിൽ കലാപങ്ങൾ നിലയ്ക്കാത്തതിന്റെ കാരണങ്ങൾ അന്വേഷിച്ച് യാത്രതിരിച്ച ഫാ. അഗസ്റ്റിൻ വട്ടോലി കാശ്മീർ അനുഭവങ്ങൾ കേരളീയവുമായി പങ്കുവയ്ക്കുന്നു**



# നിലയ്ക്കാത്ത കല്ലേറുകളും മുറിവേറ്റ താഴ്‌വരയും

കാശ്മീർ താഴ്‌വരയിൽ കലാപങ്ങൾ നിലയ്ക്കാത്തതിന്റെ കാരണം തേടിയാണ് ഞാൻ കാശ്മീരിലേക്ക് യാത്ര നടത്താൻ തീരുമാനിച്ചത്. കാശ്മീർ പ്രശ്നത്തിന്റെ ഉള്ളറകൾ ചികഞ്ഞെടുക്കാൻ രണ്ട് ദിവസത്തെ യാത്ര അപര്യാപ്തമായിരുന്നെങ്കിലും കാശ്മീർ ജനതയുടെ വികാരങ്ങളുടെ ആഴം യാത്രയിലെ പരിചയങ്ങളിലൂടെ അടുത്തറിഞ്ഞു. കലാപങ്ങൾ പോലും ഹൃദയത്തിന്റെ ഭാഷയിലാണ് അവിടെ സംസാരിക്കുന്നത്. അതുകേൾക്കാൻ ഇന്ത്യൻ ഭരണകൂടം തയ്യാറായില്ലെങ്കിൽ കാശ്മീരിൽ കലാപം പുകഞ്ഞുകൊണ്ടേയിരിക്കും, തെരുവിൽ കല്ലേറുകൾ തുടർന്നുകൊണ്ടേയിരിക്കും. പട്ടാളത്തെ പിൻവലിച്ച് കാശ്മീരിന് സ്വാതന്ത്ര്യം നൽകിയില്ലെങ്കിൽ പ്രതിഷേധത്തിന്റെ രൂപങ്ങൾ ഇതിലും രൂക്ഷമാകുമെന്ന സൂചനയാണ് കാശ്മീരികളുടെ വാക്കുകളിലൂടെ എനിക്ക് അനുഭവപ്പെട്ടത്. ഇനിയും അനാഥരായ കുട്ടികളും വിധവകളുമുണ്ടാകാൻ കാശ്മീരികൾ ആഗ്രഹിക്കുന്നില്ല.

**കലാപത്തിന്റെ ചരിത്രം**

ചതിയിലൂടെയാണ് കാശ്മീർ ജനത ഇന്ത്യയുടെ ഭാഗമായിത്തീർന്നത്. അത് തിരിച്ചറിയുന്ന കാശ്മീരികളുടെ വികാരം അതുകൊണ്ടുതന്നെ ഇന്ത്യയ്ക്കെതിരാണ്. ഭൂരിഭാഗവും ആഗ്രഹിക്കുന്നത് കാശ്മീർ സ്വതന്ത്ര രാജ്യമാകാനാണ്. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട് നിൽക്കുന്ന കാശ്മീരിന്റെ എല്ലാ രീതികളും ഇന്ത്യയുടെ മറ്റ് നാടുകളിൽ നിന്നും വളരെ വ്യത്യസ്തമായതാണ്. കാശ്മീരിലെ മുഖ്യധാരാ പാർട്ടികളായ നാഷണൽ കോൺഫറൻസും പി.ഡി.പിയും കോൺഗ്രസ് പാർട്ടിയുമെല്ലാം ഇന്ത്യയുടെ റബ്ബർസ്റ്റാമ്പ് മാത്രമാണെന്ന് കലാപകാരികൾ പരാതിപ്പെടുന്നു. ജമ്മുവിലുള്ള പണ്ഡിറ്റുമാർ മാത്രമാണ് ഇന്ത്യയോട് ചേരാൻ

ആഗ്രഹിക്കുന്നത്. ജമ്മുവിൽ നിന്നും 360 കിലോമീറ്റർ അകലെയുള്ള കാശ്മീരിൽ സ്ഥിതി വ്യത്യസ്തമാണ്. ജനപിന്തുണയില്ലാത്ത ജമ്മുരാജാവ് ഹരിസിംഗിന്റെ ഒപ്പിന്റെ പിൻബലത്തിൽ ജമ്മു കാശ്മീർ ഇന്ത്യയുടെ ഭാഗമായിത്തീർന്നതിൽ കാശ്മീരികൾക്ക് പണ്ടുമുതലേ എതിർപ്പുണ്ട്. കാശ്മീരിന് സ്വാതന്ത്ര്യം വേണമെന്ന നിലപാടെടുത്ത ഷേഖ് അബ്ദുള്ളയെ 22 വർഷം തടവിലിട്ടതോടെ ആ എതിർപ്പ് മൂർച്ഛിച്ചു. തുടർന്ന് ഇന്ത്യൻ പട്ടാളമാണ് വർഷങ്ങളായി കാശ്മീരികളുടെ ജീവിതത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. പട്ടാളത്തിന് നൽകിയ പ്രത്യേകാവകാശ നിയമം മുതലെടുത്ത് പട്ടാളം താഴ്‌വരയിൽ ഭരണം നടത്തുകയാണ്.

ഒരു ലക്ഷത്തോളം കുട്ടികൾ അനാഥരാണ്, 40,000 വിധവകൾ, 10,000ൽ അധികം കാണാതായ ആളുകൾ. 62 വർഷമായി പട്ടാളത്തിനുള്ള പ്രത്യേകാധികാര നിയമം നിലനിൽക്കുന്നതാണ് ഈ ദുരിതങ്ങൾക്കെല്ലാം കാരണം. അനിയന്ത്രിതമായ അധികാരമാണ് ഈ നിയമം പട്ടാളത്തിന് നൽകിയിട്ടുള്ളത്. ആരേയും പരിശോധിക്കാം, പിടിച്ചുനിർത്താം. തടങ്കലിൽ വയ്ക്കാം, വെടിവച്ച് കൊല്ലാം. അതിന്റെ പേരിൽ ഒരു പട്ടാളക്കാരനേയും ശിക്ഷിച്ചിട്ടില്ല. എന്നാൽ ആയിരക്കണക്കിന് സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പട്ടാള നിയമം പിൻവലിക്കുക എന്നതാണ് കാശ്മീരിൽ ഇപ്പോൾ നടക്കുന്ന കലാപങ്ങളുടെ പ്രധാന ആവശ്യം.

## തെരുവിലെ കാഴ്ചകൾ

കല്ലേറാണ് തെരുവിൽ ഇപ്പോൾ നടക്കുന്നത്. അത് എപ്പോൾ എവിടെ തുടങ്ങുമെന്ന് പറയാൻ കഴിയില്ല. ഞാൻ ചെന്ന ദിവസം കാശ്മീർ താഴ്‌വരയിൽ മുഴുവൻ ഹർത്താലായിരുന്നു. കടകൾ മിക്കതും അടഞ്ഞ് കിടന്നു. വണ്ടികൾ വളരെ ചുരുക്കം. പട്ടാളം നിർത്താതെ റോന്ത് ചുറ്റുന്നു. അതിരാവിലെ മൈനുകൾ ഉണ്ടോ എന്ന് നോക്കുന്നതിനായി യന്ത്രമുപയോഗിച്ച് പരിശോധന നടത്തി. തെരുവിൽ നിറയെ പട്ടാളത്തിന്റെ സാന്നിധ്യം. പൊതുജനത്തിന്റെ ജീവിതം ഇതിനെല്ലാമിടയിലും ശാന്തമായി ഒഴുകുന്നതുപോലെ തോന്നുന്നു. അവർക്ക് ഇതെല്ലാം ശീലമായിരിക്കുന്നതുപോലെ തോന്നി.

മാജിദ് എന്നൊരു ചെറുപ്പക്കാരനെ പരിചയപ്പെട്ടു. ഇന്ത്യയോട് രോഷംകൊണ്ട് പുകയുന്ന ചെറുപ്പക്കാരൻ. പഠനം കഴിഞ്ഞിട്ടും അവിടെ ജോലി കിട്ടിയില്ല. പുറത്തേക്ക് പോയാൽ സംശയത്തോടെ നോക്കുന്നവർ. അതുപോലെ ആയിരക്കണക്കിന് ചെറുപ്പക്കാർ താഴ്‌വരയിലുണ്ടെന്ന് മാജിദ് പറഞ്ഞു.

ഇന്ത്യൻ സർക്കാർ ജോലി സാധ്യതകൾ കുറേ കാശ്മീരിൽ സൃഷ്ടിച്ചിട്ടുണ്ട്. വളരെയധികം പണം അതിനായി ഒഴുക്കുന്നുണ്ട്. പക്ഷെ പണമൊഴുക്കിയിട്ട് കാര്യമില്ലെന്നതാണ് വാലിയിലെ അനുഭവം. രാഷ്ട്രീയ തീരുമാനമാണ് താഴ്‌വരയിലെ ജനങ്ങൾ കാത്തിരിക്കുന്നത്. അത് സമീപഭാവിയിലുണ്ടാകുമെന്ന പ്രതീക്ഷ ജനങ്ങൾ കൈവിട്ടിരിക്കുന്നു. ഞാൻ പരിചയപ്പെട്ടവരാരും ഇന്ത്യൻ ഭരണകൂടത്തോടുള്ള എതിർപ്പ് എന്നോട് പ്രകടിപ്പിച്ചില്ല. കാശ്മീരിലെ സത്യങ്ങളറിയാൻ ചെല്ലുന്നവരോട് അവർ താത്പര്യപൂർവ്വമാണ് സംസാരിച്ചത്.

## സജാദ്ഹുസൈൻ

ശ്രീനഗറിൽ നിന്നും 28 കിലോമീറ്റർ അകലെ പ്രാഥമിക ആരോഗ്യ കേന്ദ്രം നടത്തുകയാണ് സജാദ്ഹുസൈൻ. 20 ഗ്രാമങ്ങൾക്ക് വേണ്ടി ആകെയുള്ള ഒരു ആരോഗ്യകേന്ദ്രമാണ് അത്. 30,000 പേരാണ് ഈ ആരോഗ്യകേന്ദ്രത്തെ ആശ്രയിക്കുന്നത്. 5 ഡോക്ടർമാരാണുള്ളത്. കഴിഞ്ഞ മൂന്ന് മാസമായി ഓണറേറിയമില്ലാതെയാണ് ഇവർ ജോലിചെയ്യുന്നത്. കേരളത്തിലെ പഠിച്ചിറങ്ങുന്ന ഡോക്ടർമാർ ഒരിക്കലും ചെയ്യുമെന്ന് പ്രതീക്ഷിക്കാൻ കഴിയാത്ത കാര്യമാണിത്. സജാദ്ഹുസൈൻ താമസിക്കുന്നത് ശ്രീനഗറിലാണ്. സ്വയം രക്തദാനത്തിന് സന്നദ്ധനായിക്കൊണ്ടാണ് സജാദ്ഹുസൈൻ സാമൂഹ്യപ്രവർത്തനത്തിന് ഇറങ്ങുന്നത്. പിന്നീട് നിരവധി ഗ്രാമങ്ങളിൽ രക്തദാന ക്യാമ്പുകൾ നടത്തി. ഡൽഹിയിലുള്ള അദർ മീഡിയയിൽ ചേർന്ന് സാമൂഹ്യ പ്രവർത്തനത്തിൽ മുഴുകി. അനാഥരായ കുട്ടികൾ, വിധവകൾ തുടങ്ങിയവരുടെ പുനരധിവാസ പ്രവർത്തനങ്ങളിലാണ് ഇപ്പോൾ സജാദ് ഹുസൈൻ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. മൂന്ന് വർഷത്തോളം അദ്ദേഹത്തിന്റെ ക്ലിനിക്കിനെ അമൻ എന്ന് പറയുന്ന സംഘടന സാമ്പത്തികമായി സഹായിച്ചിരുന്നു. സാമ്പത്തിക പ്രയാസങ്ങളോടെയാണ് ഇപ്പോൾ ക്ലിനിക്ക് നടത്തുന്നത്. 5 രൂപ മാത്രമാണ് രോഗികളുടെ പക്കൽ നിന്നും വാങ്ങുന്നത്. എപ്പോഴും ചികിത്സ വേണ്ടി വരുന്നത് സ്ത്രീകൾക്കാണ്. അമിതമായ ജോലി ഭാരവും ഭക്ഷണത്തിന്റെ കുറവും കാരണമാണ് സ്ത്രീകൾക്ക് അസുഖങ്ങൾ കൂടുന്നത്. സമഗ്രമായ ആരോഗ്യ പരിപാലനത്തെക്കുറിച്ചുള്ള അറിവ് ഗ്രാമീണ ജനതയ്ക്ക് കുറവാണ്. അത്തരം ബോധവത്കരണം നടത്താനുള്ള താത്പര്യം സജാദിന്റെ ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർക്കുണ്ട്. പക്ഷെ അത് നടത്താനുള്ള വാഹനസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസം, ഭക്ഷണം തുടങ്ങി അവരുടെ പുനരധിവാസത്തിനായി നിരവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. വിധവകളായ ആയിരക്കണക്കിന് സ്ത്രീകളുടെ കാര്യവും പരിഗണിക്കേണ്ടതുണ്ട്. മുഴുവൻ സ്ത്രീകളും വിധവകളായ ഒരു ഗ്രാമം അവിടെയുണ്ട്. വില്ലേജ് ഓഫ് വിഡോസ് എന്നാണ് ആ ഗ്രാമം അറിയപ്പെടുന്നത്. പട്ടാള ആക്രമണത്തിൽ കൊല്ലപ്പെടുകയായിരുന്നു അവിടെയുള്ള ഭൂരിപക്ഷം പുരുഷന്മാർ. കുറേ ആളുകളെ കാണാതായിട്ടുണ്ട്. അസോസിയേഷൻ ഓഫ് പാരന്റ്സ് ഓഫ് ഡിസപ്പിയേഡ് പേഴ്സൺസ് എന്നൊരു സംഘടന വരെ അവിടെയുണ്ട്. നൂറ് കണക്കിന് കേസുകൾ പട്ടാളക്കാർക്കെതിരെ അവർ കൊടുത്തിട്ടുണ്ടെങ്കിലും ഒന്നിനും തീരുമാനമുണ്ടായിട്ടില്ല.

നവംബർ ഒന്നാം തീയതിയായിരുന്നു ജമ്മുവിലെത്തിയത്. കാശ്മീരിലേക്ക് പോകണമെന്നാണ് ആഗ്രഹിച്ചിരുന്നതെങ്കിലും അവിടേക്ക് പോകുന്നത് സുരക്ഷിതമല്ല എന്നായിരുന്നു ആദ്യംകണ്ട സുഹൃത്തുക്കളുടെ അഭിപ്രായം. പിന്നീട് സജാദ്ഹുസൈനെ ഫോണിൽ വിളിച്ചപ്പോൾ വളരെ



സജാദ് ഹുസൈനും ഭാര്യ റസിയയും

**അനാഥരായ കുട്ടികൾ, വിധവകൾ തുടങ്ങിയവരുടെ പുനരധിവാസ പ്രവർത്തനങ്ങളിലാണ് ഇപ്പോൾ സജാദ് ഹുസൈൻ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. മൂന്ന് വർഷത്തോളം അദ്ദേഹത്തിന്റെ ക്ലിനിക്കിനെ അമൻ എന്ന് പറയുന്ന സംഘടന സാമ്പത്തികമായി സഹായിച്ചിരുന്നു. സാമ്പത്തിക പ്രയാസങ്ങളോടെയാണ് ഇപ്പോൾ ക്ലിനിക്ക് നടത്തുന്നത്. അഞ്ച് രൂപ മാത്രമാണ് രോഗികളുടെ പക്കൽ നിന്നും വാങ്ങുന്നത്. എപ്പോഴും ചികിത്സ വേണ്ടി വരുന്നത് സ്ത്രീകൾക്കാണ്. അമിതമായ ജോലിഭാരവും ഭക്ഷണത്തിന്റെ കുറവും കാരണമാണ് സ്ത്രീകൾക്ക് അസുഖങ്ങൾ കൂടുന്നത്. സമഗ്രമായ ആരോഗ്യ പരിപാലനത്തെക്കുറിച്ചുള്ള അറിവ് ഗ്രാമീണ ജനതയ്ക്ക് കുറവാണ്**

സന്തോഷത്തോടെയും താത്പര്യത്തോടെയും അവിടെ വരാൻ പറയുകയും പ്രശ്നങ്ങളൊന്നുമില്ല എന്നറിയിക്കുകയും ചെയ്തു. കൂടെവന്ന സുഹൃത്തിന്റെ സൗകര്യപ്രകാരം ഇന്ത്യയുടെ അതിർത്തിപ്രദേശമായ പൂഞ്ചിലേക്ക് പോകാനാണ് തീരുമാനമായത്. പക്ഷെ സജാദിന്റെ താത്പര്യവും ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നടക്കുന്ന കാശ്മീരിലേക്ക് പോകാതെ, അവിടുത്തെ ജനങ്ങളനുഭവിക്കുന്ന പ്രശ്നങ്ങൾ നേരിട്ടറിയാതെ നാട്ടിലേക്ക് തിരിച്ച് പോകുന്നതിനെപ്പറ്റിയുള്ള ആലോചന വളരെയധികം സംഘർഷമുണ്ടാക്കുകയും എന്തായാലും പോകാൻ തന്നെ തീരുമാനിക്കുകയും ചെയ്തു. സുഹൃത്തിനെ പൂഞ്ചിലേക്ക് വിട്ട് സജാദിന്റെ അടുക്കലേക്ക് പുറപ്പെട്ടു. ടെമ്പോട്രാവലറിലായിരുന്നു യാത്ര. 310 കിലോമീറ്റർ എട്ട് മണിക്കൂർ കൊണ്ട് പിന്നിട്ടാണ് അവിടെയെത്തിയത്. മലകളുടെ ഒരിക്കലും അവസാനിക്കാത്ത നിര. അഗാധമായ ഗർത്തങ്ങളും ഇടയിലൂടെ ഒഴുകുന്ന നദികളും.

കാശ്മീരിലെത്തിയയുടൻ സജാദിനെ വിളിച്ചു. ആഹ്ളാദത്തോടെ നാളെ രാവിലെ ഞാൻ താമസിക്കുന്ന സ്ഥലത്തെത്താമെന്ന് സജാദ് പറഞ്ഞു. രാവിലെ പത്ത് മണിയോടെ സജാദ് എത്തി. ജമ്മുവിന്റെ ചരിത്രം, അതിന്റെ രാഷ്ട്രീയ കാലാവസ്ഥ, അവിടെയുള്ള സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, അവരുടെ നിലപാടുകൾ എല്ലാം സജാദ് വിശദീകരിച്ചു. ദുരിതാശ്വാസ പ്രവർത്തകനാണെങ്കിലും കാശ്മീരിന്റെ രാഷ്ട്രീയത്തിലും ചരിത്രത്തിലുമുള്ള അദ്ദേഹത്തിന്റെ വ്യക്തത എന്നെ അത്ഭുതപ്പെടുത്തി. തുടർന്ന് അദ്ദേഹത്തിന്റെ വീട്ടിലേക്ക് യാത്രതിരിച്ചു. ഞാൻ താമസിച്ചിരുന്ന സ്ഥലത്ത് നിന്നും ആറ് കിലോമീറ്റർ അകലെയാണ് സജാദ് താമസിച്ചിരുന്നത്. എയറോനോട്ടിക് എൻജിനീയറിംഗിന് പഠിച്ചുകൊണ്ടിരുന്ന സജാദിന്റെ മൂത്തമകൻ ഹൃദയസംബന്ധമായ രോഗം കൊണ്ട് പെട്ടെന്ന് മരിച്ചിരുന്നു. ആ ഞെട്ടലിൽ നിന്ന് ഇനിയും മോചനം നേടിയിട്ടില്ലാത്ത ഭാര്യ റസിയ വളരെ സ്നേഹത്തോടെയും ഊഷ്മളതയോടെയും എന്നെ സ്വീകരിച്ചു. അന്ന് രാത്രി അവിടെ തങ്ങി. സജാദിന്റെ സഹോദരങ്ങളും മക്കളും എന്നെ കാണാനായി എത്തി. കാശ്മീരിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയാൻ വന്ന എന്നോട് ഏറെ താത്പര്യത്തോടെ അവിടുത്തെ അവസ്ഥ വിവരിച്ചു. അവരെ അടിച്ചമർത്തിക്കൊണ്ടിരിക്കുന്ന രാജ്യത്തിൽ നിന്നാണ് എന്നുള്ള ഭേദചിന്തയൊന്നും അവരുടെ ഭാഗത്ത് നിന്നുമുണ്ടായില്ല. സജാദിന്റെ അനിയന്റെ മകൻ മാജിദിനോട് സംസാരിക്കുമ്പോഴാണ് ഇന്ത്യയോടുള്ള ചെറുപ്പക്കാരുടെ വികാരത്തിന്റെ രൂക്ഷത മനസിലായത്. പിറ്റേദിവസം കാലത്ത് പത്ത് മണിക്ക് സജാദിന്റെ ക്ലിനിക്കിലേക്ക് ഞങ്ങൾ പോയി. വഴിയിൽ ഒരാളെക്കൂടി ബൈക്കിൽ കൂട്ടാനുണ്ടെന്ന് സജാദ് പറയുന്നുണ്ടായിരുന്നു. വേറൊരു ക്ലിനിക്കിൽ കയറി അവിടെയുള്ള ചെറുപ്പക്കാരൻ ഡോക്ടറെ എനിക്ക് പരിചയപ്പെടുത്തി. സജാദിന്റെ ക്ലിനിക്കിലേക്ക് പോകാനായി ഞങ്ങൾ ഇറങ്ങി. ഡോക്ടർ അദ്ദേഹത്തിന്റെ കാറിൽ ഞങ്ങളുടെ പിന്നാലെ വരുമെന്നും മറ്റൊരാളെയാണ് ബൈക്കിൽ കയറ്റേണ്ടത് എന്നുമാണ് ഞാൻ കരുതിയത്. വണ്ടി സ്റ്റാർട്ട് ചെയ്ത ഉടൻ ഡോക്ടർ എന്റെ പിന്നിലിരുന്നു. ഞങ്ങൾ മൂന്നുപേരും കൂടിയാണ് അവിടെ നിന്നും അഞ്ച് കിലോമീറ്റർ അകലെയുള്ള ക്ലിനിക്കിലേക്ക് പോയത്.

വാടകകെട്ടിടത്തിലാണ് ക്ലിനിക്ക് പ്രവർത്തിക്കുന്നത്. കാലത്ത് പത്ത് മുതൽ അഞ്ച് വരെയാണ് പ്രവർത്തന സമയം. പോഷകാഹാര കുറവ് കൊ

ണ്ടുള്ള രോഗങ്ങളാണ് കൂടുതലും അവിടെയെത്തുന്നത്. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ മാത്രമാണ് രോഗികൾ പലരും ക്ലിനിക്കിലെത്തുക. മാസത്തിൽ ഒരിക്കൽ ഒരു ഗ്രാമത്തിൽ ക്യാമ്പ് നടത്തും. എല്ലാ മാസത്തിലും എല്ലാ ഗ്രാമത്തിലും ക്യാമ്പ് നടത്തേണ്ട അവസ്ഥയാണുള്ളത്.

ഈശ്വരനിൽ ശക്തമായി വിശ്വസിക്കുന്ന ആളാണ് സജാദ്. പക്ഷെ മതത്തിൽ വിശ്വസിക്കുന്നില്ല. പള്ളിയിൽ പോകാറില്ല. സമൂഹത്തിന്റെ നിർബന്ധം കൊണ്ടും പേടികൊണ്ടുമാണ് മനുഷ്യർ മതാചാരങ്ങളിൽ കുടുങ്ങിക്കിടക്കുന്നത്. വല്ലപ്പോഴും അദ്ദേഹം സന്ദർശിക്കുന്നത് ഗുലാം സഫ്ദർ എന്ന സൂഫി ഗുരുവിനെ മാത്രമാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തെ കാണണമെന്ന ആഗ്രഹം എനിക്കും ശക്തമായുണ്ടായി. പിറ്റേ ദിവസം അദ്ദേഹത്തെ കാണാനും സാധിച്ചു. എല്ലാ മതങ്ങളേയും അതിലംഘിച്ച് നിൽക്കുന്ന ഈശ്വര സാന്നിദ്ധ്യത്തെപ്പറ്റിയാണ് അദ്ദേഹം സംസാരിച്ചത്. അറിവില്ലായ്മയാണ് പരസ്പരം പോരടിക്കുന്നതിലേക്ക് മനുഷ്യരെ നയിക്കുന്നത്. യഥാർത്ഥ ആത്മീയത ആഴമേറിയ മനുഷ്യത്വത്തിലേക്കും പ്രകൃതിയിലേക്കുള്ള തുറവിയിലേക്കും ഒരുവനെ എത്തിക്കും.

## ഹൃദയത്തിൽ ഇടംനേടുമോ?

വർഷങ്ങളായി കാശ്മീരിന് വേണ്ടി ഒരുപാട് തുക ചിലവാക്കിയെങ്കിലും അവിടെയുള്ള ജനങ്ങളുടെ ഹൃദയത്തിൽ ഇടംനേടാൻ ഇന്ത്യൻ സർക്കാറിന് കഴിഞ്ഞിട്ടില്ല. പട്ടാളത്തെ ഉപയോഗിച്ച് ജനങ്ങളുടെ ഹൃദയത്തിൽ ഇടം നേടാൻ കഴിയില്ല. ജനങ്ങളുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തലല്ല അവിടെ നടക്കേണ്ടത്. രാഷ്ട്രീയ പരിഹാരത്തിനായാണ് ആ ജനത കാത്തിരിക്കുന്നത്. കാശ്മീർ ജനതയുടെ വികാരങ്ങളെ അടുത്തറിയാനുള്ള ശ്രമമാണ് അതിന് ആദ്യം വേണ്ടത്. വികാരങ്ങളറിയണമെങ്കിൽ പട്ടാളത്തെ പിൻവലിക്കണം. ജനപിന്തുണ കിട്ടുന്നതുകൊണ്ടാണ് ഭീകരർക്ക് കാശ്മീരിൽ ഇടം ലഭിക്കുന്നത്. ജനങ്ങളുടെ ഇടയിൽ ഭീകരർക്കുള്ള സ്വാധീനം ഇല്ലാതെയാക്കണമെങ്കിൽ സർക്കാർ ജനങ്ങളിലേക്കെത്തണം. ഇന്ത്യ തങ്ങളേയും തങ്ങളുടെ സംസ്കാരത്തേയും ബഹുമാനിക്കുന്നുണ്ടെന്ന ബോധം കാശ്മീരികൾക്ക് ഇപ്പോഴില്ല. ആ ബോധം എന്ന് അവരിലുണ്ടാക്കാൻ കഴിയുന്നുവോ അന്ന് കാശ്മീർ ഇന്ത്യുടെ ഭാഗമാകും.

വളരെ കുറച്ച് മണിക്കൂറുകൾ മാത്രമാണ് കാശ്മീരിൽ ചിലവഴിച്ചത്. നവംബർ നാലാം തീയതി വെളുപ്പിന് 5:45ന് നല്ല തണുപ്പത്ത് കാലുറയില്ലാതെ ചെരുപ്പ് മാത്രം ധരിച്ച് ജമ്മുവിലേക്കുള്ള വണ്ടി പിടിക്കാൻ ബസ് സ്റ്റോപ്പിലേക്ക് ഞാൻ നടക്കുമ്പോൾ കാലുകൾ മരവിച്ചിരുന്നു. നന്നായി തണുക്കുന്നുണ്ടായിരുന്നു. പക്ഷെ, അരനൂറ്റാണ്ടിലേറെക്കാലം ഒരു ജനത അനുഭവിക്കുന്ന നിസ്സഹായതയും അനീതിയും ആ തണുപ്പിലും എന്റെ ഉള്ളിനെ പൊള്ളിക്കുന്നുണ്ടായിരുന്നു. ഇവിടെയുള്ള പട്ടാളക്കാരെ നിങ്ങൾ വിളിക്കുന്നത് ഞങ്ങളുടെ കാവൽക്കാരാണെന്നാണ്. എന്നാൽ ഇവരിൽ നിന്നാണ് ഞങ്ങൾക്ക് കാവൽ വേണ്ടതെന്നുള്ള സജാദിന്റെ മൂർച്ചയുള്ള വാക്കുകൾ എന്റെ ഉള്ളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു.

*മത്സ്യപുരി പി.ഒ,*
*വാത്തുരുത്തി, കൊച്ചി-29*

**പുതിയ ഡോക്യുമെന്ററികൾ**

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ.
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ.
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ- ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്
കേരളീയം

**ഡോക്യുമെന്ററി സിനിമകൾ**

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം)
Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water**
(അപഹരിക്കപ്പെട്ട ജലം)
27 മിനിട്ട്, പ്ലാച്ചിമട
സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി
സംവിധാനം : മണിലാൽ
24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief)
പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ
മധുരാജ്-മാതൃഭൂമി
30 മിനിട്ട്.

**Source of Life for Sale**
60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385